(ബി) വി. എഫ്. പി. സി. കെ.-യുടെ പ്രവർത്തനം മൂലം സംസ്ഥാനത്ത് പഴം, പച്ചക്കറിയുടെ ഉൽപ്പാദനം ഏകദേശം 50 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു.

(സി) വി. എഫ്. പി. സി. കെ. കേരളത്തിലെ പഴം, പച്ചക്കറി കർഷകർക്കായി ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേരളത്തിൽ 154 സ്വാശ്രയ കർഷക സമിതികളെ വി.എഫ്. പി.സി. കെ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഉൽപ്പാദന മേഖലകളെ കേന്ദ്രീകരിച്ചിട്ടുള്ള ഈ സ്വാശ്രയ കർഷക സമിതികളെ കർഷകരുടെ ഉൽപ്പന്നങ്ങളെ ശേഖരിച്ച് കേരളത്തിലുടനീളവും കൂടാതെ എക്സ്പോർട്ട് എജൻസികൾക്കും വിപണനം നടത്തുന്നു. പ്രസ്തുത സമിതികൾക്ക് വി. എഫ്. പി. സി. കെ. അടിസ്ഥാന സൗകര്യങ്ങളായ ട്രാസ്, ഓഫീസ് ഉപകരണങ്ങൾ, ഫോൺ, കമ്പ്യൂട്ടർ, സ്ഥലം, കെട്ടിടം മുതലായ സൗകര്യങ്ങൾ നൽകി വരുന്നു. ഇതിനുംപുറമെ സംഘങ്ങൾക്ക് സഹായമായി ആവശ്യമായ ടെക്നിക്കൽ അഡൈവസ്, ബാങ്ക് വായ്പ ഉറപ്പാക്കിക്കുക, ബാങ്ക് പലിശയ്ക്ക് രണ്ട് ശതമാനം ഇളവ് എന്നിവയും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സഹായവും ചെയ്യുന്നു.

ഹോർട്ടികൾച്ചർ കോർപ്പറേഷന് കീഴിൽ കൊണ്ടോട്ടിയിൽ ഡിപ്പോയും വിൽപ്പനകേന്ദ്രവും ആരംഭിക്കുവാൻ നടപടി

126 [2115] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വളരെ വിപുലമായ തോതിൽ പച്ചക്കറി കൃഷി ചെയ്യപ്പെടുന്ന കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കൃഷിക്കാരുടേയും ഉപഭോക്താക്കളുടേയും താൽപര്യം പരിഗണിച്ച് ഹോർട്ടികൾച്ചർ കോർപ്പറേഷന് കീഴിൽ പച്ചക്കറി സംഭരിക്കുവാനും വിതരണം ചെയ്യുവാനും കൊണ്ടോട്ടി കേന്ദ്രമാക്കി ഒരു ഡിപ്പോയും വിൽപ്പന കേന്ദ്രവും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഞാറയ്ക്കൽ മണ്ഡലത്തിലെ പൊക്കാളി കൃഷിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

127 [2116] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ മണ്ഡലത്തിലെ പൊക്കാളി കൃഷി സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly